## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ : 553

09.02.2016 - ൽ മറുപടിക്ക്.

### അരൂർ മണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. എം. ആരിഫ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് അരൂർ മണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ ? | (എ) : ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഖാദി ഗ്രാമ വ്യവസായ ബോർഡ് അരൂർ മണ്ഡലത്തിൽ എന്റെ ഗ്രാമം പദ്ധതി പ്രകാരം 11 വ്യവസായ യൂണിറ്റുകൾക്കായി 30,50,000/- രൂപ വായ്പയായി ദേശസാൽകൃത ബാങ്കുകൾ മുഖേന അനുവദിക്കുകയും ആയതിന്റെ മാർജിൻ മണിയായി 8,66,212/- രൂപ വിതരണം ചെയ്യുകയും അതിലൂടെ 35 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 13 വ്യവസായ യൂണിറ്റുകൾക്കായി ദേശസാത്കൃത ബാങ്കുകൾ മുഖേന 1,31,88,234/- രൂപ വായ്പയായി അനുവദിച്ചു. ആയതിന്റെ മാർജിൻ മണിയായി 46,15,882/- രൂപയും നൽകി. ഇതിലൂടെ 148 പേർക്ക് തൊഴിൽ നൽകി. ഖാദി മേഖലയുടെ ആധുനിക വത്കരണ പദ്ധതിയിലൂടെ ഉഴുവ ഖാദി സ്പിന്നിങ് സെന്ററിൽ 2,99,727/- രൂപ നവീകരണത്തിനായി ചെലവഴിച്ചു. |

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നുള്ള വിവരം അനുബന്ധമായി ചേർക്കുന്നു സിഡ്കോ, കൈത്തറി ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ.

അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വാണിജ്യ വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ ഫലമായി 558 യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. ഇവയിലൂടെ ഏകദേശം 3090 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുകയുണ്ടായി. ഉദ്ദേശം 142.63 കോടിയുടെ നിക്ഷേപം യന്ത്രസാമഗ്രികളിൽ നടത്തിയിട്ടുണ്ട്. ഇവയിൽ നിന്നും ഏകദേശം 550.5 കോടി രൂപയുടെ വിറ്റുവരവുണ്ട്. ഇതിൽ ഏകദേശം 210 കോടി കയറ്റുമതിയും നടക്കുന്നുണ്ട്. മേൽ സൂചിപ്പിച്ച യൂണിറ്റുകളിൽ 21 എണ്ണം കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ഇ.ജി.പിയിലൂടെ വ്യവസായ വകുപ്പിന്റെ പ്രവർത്തനം വഴി ധനസഹായം ലഭിച്ചവയാണ്. ഇവർക്ക് 35% സബ്സിഡിയും അതുവഴി ലഭിച്ചിട്ടുണ്ട്. റെഡിമെയ്ഡ് ഗാർമെന്റ്സ്, ജനറൽ എഞ്ചിനീയറിംഗ്, കെമിക്കൽ, പ്ലാസ്റ്റിക്, പേപ്പർ, ഭക്ഷ്യസംസ്കരണം, പ്രിന്റിംഗ്, ലെതർ, ആയുർവേദം, മെഴുക്, സിമന്റ് ഉല്പന്നങ്ങൾ, വിവരസാങ്കേതികം തുടങ്ങിയ മേഖലകളിലാണ് പ്രധാനമായും സഹായം നൽകിയിട്ടുള്ളതും യുണിറ്റുകൾ സ്ഥാപിച്ചിട്ടുള്ളതും.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ഐ.ഡി.സിയുടെ അധീനതയിലുള്ള മലബാർ സിമന്റ്സ് എന്ന സിമന്റ് ഗ്രൈന്റിംഗ് യൂണിറ്റ് പുനരുദ്ധാരണ പ്രവർത്തനം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. ഏകദേശം 1 കോടി രൂപയുടെ പുനരുദ്ധാരണ പ്രവർത്തനം നടത്തി [illegible]

കൂടാതെ കെ.എസ്.ഐ.ഡി.സിയുടെ ഇൻഫോപാർക്കിൽ ഐ.റ്റി അധിഷ്ഠിത യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു. ടി സ്ഥാപനങ്ങൾ എല്ലാം തന്നെ പ്രത്യക്ഷമായും പരോക്ഷമായും 200-ഓളം പേർക്ക് തൊഴിൽ നൽകി വരുന്നു.

ടി കാലയളവിൽ വിവിധ യൂണിറ്റുകൾക്ക് ലൈസൻസ്/ക്ലിയറൻസ് എടുക്കുന്നതിനു വേണ്ട ഉപദേശവും സഹായവും നൽകിയിട്ടുണ്ട്. കൂടാതെ വ്യവസായം തുടങ്ങിയവർക്കും പുതുതായി തുടങ്ങുന്നവർക്കും വേണ്ടി ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും ബോധവൽക്കരണ സെമിനാറുകൾ, സംരംഭകത്വ വികസന സെമിനാറുകൾ, ടെക്നോളജി ക്ലാസ്സുകൾ തുടങ്ങിയവ നടത്തിയിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിലുള്ള അരൂരിലെ വ്യവസായ എസ്റ്റേറ്റിൽ സ്ഥലം പുതിയതായി വ്യവസായ യൂണിറ്റുകൾക്ക് അലോട്ട് ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ വ്യവസായ എസ്റ്റേറ്റിൽ 8 വ്യവസായ യൂണിറ്റുകൾ പുതിയതായി തുടങ്ങിയിട്ടുണ്ട്.

വ്യവസായ യൂണിറ്റുകൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനായി ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുന്നുണ്ട്.